**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2365**

**17.08.2017-ൽ മറുപടിയ്ക്ക്**

## ഡോ.സുകുമാർ അഴീക്കോട് സ്മാരകം

**ചോദ്യം**

ശ്രീ.കെ.രാജൻ

2016-17 ബജറ്റിൽ വകയിരുത്തിയ ഡോ.സുകുമാർ അഴീക്കോട് സ്മാരകത്തിനുള്ള 50 ലക്ഷം രൂപ കേരള സാഹിത്യ അക്കാദമിക്ക് കൈമാറുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിനുള്ള മറുപടി പ്രസംഗത്തിൽ സുകുമാർ അഴീക്കോട് ട്രസ്റ്റിന് 50 ലക്ഷം രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ 2016-17-ൽ ഇത് സംബന്ധിച്ച പ്രൊപ്പോസൽ ഒന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. എന്നാൽ ബഹു.ഒല്ലൂർ എം.എൽ.എ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ടി തുക അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതിലേയ്ക്കായി വിശദമായ റിപ്പോർട്ട്/പ്രൊപ്പോസൽ ലഭ്യമാക്കുവാൻ കേരള സാഹിത്യ അക്കാദമി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ